**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5336** **15-03-2023 - ൽ മറുപടിയ്ക്ക്**

**ലാബുകളുടെ ആധുനികീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മണ്ണ്, വളം, കീടനാശിനി എന്നിവയുടെ സാമ്പിളുകൾ വിശകലനം ചെയ്യുന്ന ലാബുകളുടെ ആധുനികീകരണത്തിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (എ) | ഡിപ്പാർട്ട്മെന്റൽ ലബോറട്ടറികളുടെ ആധുനീ കരണം (മോഡണൈസേഷൻ ഓഫ് ഡിപ്പാർട്മെന്റൽ ലബോറട്ടറീസ്) പദ്ധതിയിൽ കൃഷി വകുപ്പിന് കീഴിലുള്ള വിവിധ ലബോറട്ടറികളുടെ ആധുനീകരണത്തിനും ശാക്തീകരണത്തിനും വളം കീടനാശിനികളുടെ ഗുണ നിലവാര നിയന്ത്രണത്തിനും ആയി നടപ്പ വർഷത്തിൽ ആകെ 400 ലക്ഷം രൂപ ആണ് വകയിരുത്തിയിരിക്കുന്നത്. ആയതിൽ മണ്ണ് പരിശോധനാശാലകൾ ശക്തിപ്പെടുത്തുന്നതിന് വേണ്ടി നടപ്പ വർഷത്തിൽ 90 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട് . സംസ്ഥാനത്തു കൃഷി വകുപ്പിന് കീഴിൽ 14 ജില്ലാ മണ്ണ് പരിശോധനാശാലകളും തിരുവനന്തപുരത്തെ കേന്ദ്ര മണ്ണ് പരിശോധന ശാലയും ഉൾപ്പടെ 15 സ്ഥാവര മണ്ണ് പരിശോധന ശാലകളുണ്ട് കൂടാതെ 11 സഞ്ചരിക്കുന്ന മണ്ണ് പരിശോധനശാലകൾ കൃഷിയിടങ്ങളിലെത്തി മണ്ണ് പരിശോധന നടത്തുന്നുണ്ട്. പ്രസ്തുത ലബോറട്ടറി കൾക്കായി ആധുനിക ഉപകരണങ്ങൾ, ഫിൽറ്റെർ പേപ്പർ, ഗ്ലാസ്സ് വെയേർസ്, മണ്ണ് പരിശോധനക്കാ വശ്യമായ രാസ വസ്തുക്കൾ എന്നിവ വാങ്ങുന്നതിനും നിലവിലുള്ള ഉപകരണങ്ങളുടെ അറ്റകുറ്റപണികൾക്കും അവയുടെ വാർഷിക അറ്റകുറ്റപ്പണിക്കായുള്ള കരാറുകൾ പുതുക്കുന്നതിനും ലാബ് കെട്ടിടങ്ങൾ ഉൾപ്പടെ ഉള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ലാബുകളുടെ പ്രത്യേക ആവശ്യങ്ങൾക്കായി വിനിയോഗിക്കുന്നതിനുമാണ് ഈ തുക വിനിയോഗിച്ചുവരുന്നത്.<br><br>നിലവിൽ സംസ്ഥാനത്ത് വില്പന നടത്തുന്ന വളങ്ങളുടെ പരിശോധന നടത്തുന്നതിനായി താഴെ പറയുന്ന 3 ഗുണപരിശോധന ശാലകൾ പ്രവർത്തിക്കുന്നുണ്ട് . |

1. ഫെർട്ടിലൈസർ ക്വാളിറ്റി കൺട്രോൾ ലബോറട്ടറി , പാറോട്ടുകോണം, തിരുവനന്തപുരം

2. ഫെർട്ടിലൈസർ ക്വാളിറ്റി കണ്ട്രോൾ ലബോറട്ടറി പട്ടാമ്പി , പാലക്കാട്

3. ബയോഫെർട്ടിലൈസർ ആൻഡ് ഓർഗാനിക് മാന്യുവർ ക്വാളിറ്റി കണ്ട്രോൾ ലബോറട്ടറി , പട്ടാമ്പി, പാലക്കാട്

കീടനാശിനികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് താഴെപ്പറയുന്ന ഒരു പരിശോധനശാലയാണ് നിലവിലുള്ളത് .

1. സ്റ്റേറ്റ് പെസ്റ്റിസൈഡ് ടെസ്റ്റിംഗ് ലബോറട്ടറി, പാറോട്ടുകോണം , തിരുവനന്തപുരം

ഗുണപരിശോധനശാലകളുടെ പരിശോധനാ ഫലത്തിന്റെ കൃത്യത ഉറപ്പ് വരുന്നതിന് അവിടെ ഉപയോഗിക്കുന്ന ഉപകരണങ്ങളുടെ സംവേദനക്ഷമതയ്ക്ക് (Sensitivity) വലിയ പ്രാധാന്യമുണ്ട് . ഉപകരണങ്ങളുടെ കാര്യക്ഷമത നിലനിർത്തുന്നതിനായി അറ്റകുറ്റ പണികൾ ചെയ്യുന്നതിനും , പുതിയ ഉപകരണങ്ങൾ വാങ്ങി പരിശോധനശാലകൾ ശക്തിപ്പെട്ടു ത്തുന്നതിനും, നവീകരണത്തിനുമായി " Modernisation of Departmental Laboratories - Strengthening of Existing Quality Control Laboratories " എന്ന പദ്ധതി ഘടകം നടപ്പിലാക്കി വരുന്നു . 2022-23 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ ഫെർട്ടിലൈസർ ക്വാളിറ്റി കണ്ട്രോൾ ലബോറട്ടറി , പാറോട്ടുകോണം, തിരുവനന്തപുരം , ഫെർട്ടിലൈസർ ക്വാളിറ്റി കണ്ട്രോൾ ലബോറട്ടറി , പട്ടാമ്പി , പാലക്കാട്. ബയോഫെർട്ടിലൈസർ ആൻഡ് ഓർഗാനിക് മാന്യുവർ ക്വാളിറ്റി കണ്ട്രോൾ ലബോറട്ടറി , പട്ടാമ്പി, പാലക്കാട്, സ്റ്റേറ്റ് പെസ്റ്റിസൈഡ് ടെസ്റ്റിംഗ് ലബോറട്ടറി , പാറോട്ടുകോണം , തിരുവനന്തപുരം എന്നീ 4 പരിശോധനശാലകൾ ശക്തിപ്പെട്ടു ത്തുന്നതിനും നവീകരണത്തിനുമായി 70 ലക്ഷം രൂപ വിനിയോഗിച്ചുവരുന്നു ഫെർട്ടിലൈസർ ക്വാളിറ്റി കൺട്രോൾ ലബോറട്ടറി , പാറോട്ടുകോണം, തിരുവനന്തപുരം , ഫെർട്ടിലൈസർ ക്വാളിറ്റി കണ്ട്രോൾ ലബോറട്ടറി , പട്ടാമ്പി , പാലക്കാട് , സ്റ്റേറ്റ് പെസ്റ്റിസൈഡ് ടെസ്റ്റിംഗ് ലബോറട്ടറി , പാറോട്ടുകോണം , തിരുവനന്തപുരം എന്നീ 3പരിശോധനശാലകളിലെ പരിശോധനാ ഫലങ്ങളുടെ നിലവാരം ഉയർത്തുന്നതിന് നാഷണൽ

| | | | |
|---|---|---|---|
| | | | അക്രെഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആൻഡ് കാലിബ്രേഷൻ ലബോറട്ടറീസിന്റെ (NABL) അക്രെഡിറ്റേഷൻ നേടുന്നതിന് പരിശോധന ശാലകൾ സജ്ജമാക്കുന്നതിനായി നടപ്പ് വർഷത്തിൽ 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പരിശോധന ശാലകൾ ശക്തിപ്പെടുത്തുന്നതിനും നവീകരണത്തിനു മായി ലക്ഷ്യമിട്ട പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു വരുന്നു.<br><br>മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പിന് കീഴിൽ 5 മണ്ണ്പരിശോധന ലാബുകളും ഒരു Mobile Soil Testing Lab ഉം 2 Soil & Plant Health Clinic കളും പ്രവർത്തിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ